**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 76** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി പ്രതിരോധം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. റോണി. കെ. ബേബി

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ സൗരോർജ്ജവേലി, ആനക്കിടങ്ങ് എന്നിവയുടെ നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിൻ്റെ ഭാഗമായി വിവിധ പ്രതിരോധ നിർമ്മിതികൾ അതിവേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) തയ്യാറാക്കുന്നതും പരിഗണനയിലാണ്.

**(ബി)** വനാതിർത്തിയോട് ചേർന്ന പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനജാഗ്രതാ സമിതികൾ ചേരുന്നതിന് ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അവശ്യ സന്ദർഭങ്ങളിൽ ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി സത്വര തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**(സി)** വന്യമൃഗങ്ങളുടെ സാന്നിധ്യം കുറയ്ക്കുന്നതിനും റോഡരികുകളിൽ കാഴ്ചമറയുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കാടുകൾ വെട്ടിത്തെളിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** വനാതിർത്തി പ്രദേശങ്ങളിലും വനത്തിലൂടെ കടന്നു പോകുന്ന പാതയോരങ്ങളിലും 10 മുതൽ 20 മീറ്റർ വരെ വീതിയിൽ അടിക്കാടുകൾ വെട്ടിത്തെളിച്ച് കാഴ്ചതടസ്സം ഒഴിവാക്കുന്ന വിസ്റ്റാ ക്ലിയറൻസ് വനം വകുപ്പ് നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**